ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പിനായി പ്രഖ്യാപിച്ച പദ്ധതികൾ

294 (664) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബാഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ; എത്ര ശതമാനം തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചത് എന്നും ആരംഭിക്കാതിരുന്ന പദ്ധതികളുടെ കാരണവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 56114.00 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന 1642.27 ലക്ഷം രൂപയും ഉൾപ്പെടെ 57756.27 ലക്ഷം രൂപ പദ്ധതികൾക്കായി വകയിരുത്തിയതിൽ 30-11-2015 വരെ 35 ശതമാനം തുക ചെലവഴിച്ചു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 2015-16 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

1. ഉരുകലം - നഴ്സറി മുതൽ ബിരുദാനന്തര ബിരുദതലം വരെ വിദ്യാഭ്യാസം നൽകുന്നതാണ് ഉരുകലം പദ്ധതി.

   പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി, സംസ്കാരം, പാരമ്പര്യ മൂല്യങ്ങൾ കുട്ടികളുടെ അഭിരുചി എന്നിവ വിദ്യാഭ്യാസത്തിലൂടെ നൽകുകയാണ് ഉരുകലം പദ്ധതി ലക്ഷ്യമിടുന്നത്. വയനാട് ജില്ലയിലെ മാനന്തവാടി പ്രിയദർശിനി ടീ എസ്റ്റേറ്റിൽ ആരംഭിക്കുന്ന പദ്ധതിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ആറളം പുനരധിവാസമേഖലയിലും അട്ടപ്പാടി ആദിവാസി മേഖലയിലും അടിസ്ഥാന സൗകര്യവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനായി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിന് നബാർഡ്, നാബ്കോൺ എന്നിവയുടെ ഉപദേശകവിഭാഗം ആവശ്യമായ പദ്ധതി തയ്യാറാക്കി വരുന്നു. ഇതിലേയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന ഒരു പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. ലോകത്തെ മികച്ച സർവ്വകലാശാലകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന ഒരു പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസം

295 (665) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഭൂമിഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഏറനാട് മണ്ഡലത്തിൽ നിന്നും പ്രസ്തുത പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly